

# തീരമണയുന്ന കരുതൽ

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ





# തീരമണയുന്ന കരുതൽ

കേരള സർക്കാർ
ഇൻഫർമേഷൻ
പബ്ളിക് റിലേഷൻസ് വകുപ്പ്





## സന്ദേശം

ഉപജീവനത്തിനായി കടലിനെ ആശ്രയിക്കുന്നവരും പ്രകൃതിയുമായി മല്ലടിച്ചു കഴിയുന്നവരുമാണ് മത്സ്യത്തൊഴിലാളികൾ. അതുകൊണ്ടു തന്നെ അവരുടെ ജീവനും സ്വത്തിനും തൊഴിലിനും സംരക്ഷണത്തിനും വലിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിൽ തീരദേശജനത അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. മത്സ്യബന്ധനതുറമുഖങ്ങളുടെ നിർമ്മാണം, തീരസംരക്ഷണപ്രവർത്തനങ്ങൾ തുടങ്ങി തീരദേശ പശ്ചാത്തല സൗകര്യവികസനത്തിലും സർക്കാർ ഏറെ ശ്രദ്ധ നൽകുന്നുണ്ട്. തീരദേശമേഖല നേരിടുന്ന പ്രതിസന്ധികളിൽനിന്ന് അവരെ കൈപിടിച്ച് ഉയർത്താൻ പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ.

തീരദേശജനതയ്ക്കു വേണ്ടി ചെയ്ത പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ അടങ്ങിയ ഈ ലഘുലേഖ ഏറെ പ്രയോജനകരമാവുമെന്ന് കരുതുന്നു. എല്ലാ ആശംസകളും നേരുന്നു.

പിണറായി വിജയൻ
മുഖ്യമന്ത്രി



# തീരസദസ്സ്



കേരളത്തിന്റെ തീരപ്രദേശവാസികൾക്ക് മുമ്പെങ്ങുമില്ലാത്ത പിന്തുണ ലഭിക്കുന്ന കാലഘട്ടമാണിത്. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി കാലോചിതവും മികവുറ്റതുമായ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്. തീരദേശത്തിന്റെ സംരക്ഷണത്തിൽ തുടങ്ങി പ്രദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ ഭവനസ്വപ്നങ്ങൾ കൂടി യാഥാർഥ്യമാക്കിയാണ് വകുപ്പിന്റെ പ്രയാണം.

തീരദേശ ജനതയുമായി സംവദിക്കാനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരനടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന്റെ വികസന-ക്ഷേമപ്രവർത്തനങ്ങൾ എത്തിക്കുന്നതിനുമായയാണ് 'തീരസദസ്സ്'. ജനപ്രതിനിധികളും മത്സ്യത്തൊഴിലാളികളും പൗരപ്രമുഖരും ഉദ്യോഗസ്ഥരും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഒരുമിക്കുന്ന വേദിയാണിത്. 47 തീരദേശ നിയോജകമണ്ഡലങ്ങളിലും പരിപാടി സംഘടിപ്പിക്കുന്നു. വിവിധ മികവുകൾക്കുള്ള ആദരവും ആനുകൂല്യവിതരണവും പരിപാടിയുടെ ഭാഗമാണ്. മന്ത്രിമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹികമേഖലകളിലെ പ്രമുഖർ, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്നു.

സജി ചെറിയാൻ
ഫിഷറീസ് വകുപ്പ് മന്ത്രി



# തീരസംരക്ഷണം

കിഫ്ബിയിൽ ഉൾപ്പെടുത്തി 13.46 കോടിരൂപയുടെ മഞ്ചേശ്വരം തീരസംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചു. 26.57 കോടിരൂപയുടെ തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി തീരസംരക്ഷണ പ്രവൃത്തി ആരംഭിച്ചു.

തീരസംരക്ഷണ പ്രവൃത്തികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും കേരള ജലവിഭവവകുപ്പാണ് നിർവഹിക്കുന്നത്. ഈ വർഷം കിഫ്ബി ഫണ്ടിംഗിലൂടെ കേരളത്തിലുടനീളമുള്ള ദുർബലമായ തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി 1500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു.

ജലവിഭവവകുപ്പ് കേരളത്തിലെ രൂക്ഷമായ കടലാക്രമണം നേരിടുന്ന 10 ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി. ഇതിൽ ഏറ്റവും മുൻഗണന നൽകേണ്ട പ്രദേശമാണ് എറണാകുളം ജില്ലയിലെ ചെല്ലാനം തീരപ്രദേശം. ചെല്ലാനം പ്രദേശത്തെ 10 കിലോമീറ്റർ നീളമുള്ള തീരപ്രദേശത്തെ കടലാക്രമണപ്രതിരോധ പ്രവർത്തനങ്ങൾക്ക് ടെട്രാപോഡ്, കരിങ്കല്ല് എന്നിവ ഉപയോഗിച്ചുള്ള കടൽഭിത്തിയുടെ രൂപ



> ഈ വർഷം കിഫ്ബി ഫണ്ടിംഗിലൂടെ കേരളത്തിലുടനീളമുള്ള ദുർബലമായ തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി 1500.00 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു.



>>

കൽപ്പന 'എൻ.സി.സി.ആർ.' എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി.

കിഫ്ബി ഫണ്ടുപയോഗിച്ച് ആലപ്പുഴ നിയോജകമണ്ഡലത്തിലെ കാട്ടൂർ മുതൽ ഓമനപ്പുഴവരെയും, അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കാക്കാഴം മുതൽ പുന്നപ്ര വരെയും ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പതിയങ്കര, ആറാട്ടുപുഴ, വട്ടച്ചാൽ, ഒറ്റമശ്ശേരി എന്നീ തീരപ്രദേശങ്ങളിൽ 262.38 കോടിരൂപയുടെയും തീരദേശസംരക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു; ഇതുവഴി 15.7 കിലോമീറ്റർ തീരദേശസംരക്ഷണം ഉറപ്പാക്കാൻ സാധിക്കും.

## ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി

തിരുവനന്തപുരം ജില്ലയിലെ പൂന്തുറ മുതൽ വലിയതുറവരെയുള്ള തീരസംരക്ഷണത്തിനായി കിഫ്ബി ധനസഹായത്തോടെ ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കുന്നു. ആദ്യഘട്ടമായി പരീക്ഷണാടിസ്ഥാനത്തിൽ പൂന്തുറ പ്രദേശത്ത് ജിയോട്യൂബ് ഉപയോഗിച്ച് ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമിക്കുന്ന പദ്ധതി പുരോഗമിക്കുന്നു.





# അടിസ്ഥാന സൗകര്യങ്ങൾ

> മലപ്പുറം ജില്ലയിലെ താനൂർ മത്സ്യബന്ധന തുറമുഖം അധിക അടിസ്ഥാന വികസന പ്രവൃത്തി പുരോഗമിക്കുന്നു.



> കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷറീസ് ഹാർബറിലെ ബെർത്തിംഗ് പൂർത്തീകരിച്ചു.

- 112.21 കോടിരൂപയുടെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 97.44 കോടി രൂപയുടെ ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവൃത്തിയും തുടങ്ങി.
- കണ്ണൂർ തലായ്ചാലിൽ ഗോപാൽപേട്ട ഫിംഗർജെട്ടിയുടെയും കൊല്ലം കായംകുളം ഫിഷറിസ് ഹാർബറിലെ ബെർത്തിംഗ് ജെട്ടിയുടെയും നിർമ്മാണം പൂർത്തീകരിച്ചു.
- കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷറീസ് ഹാർബറിലെ ബെർത്തിംഗ് പൂർത്തീകരിച്ചു.
- മലപ്പുറം ജില്ലയിലെ താനൂർ മത്സ്യബന്ധന തുറമുഖം അധിക അടിസ്ഥാനവികസന പ്രവൃത്തി പുരോഗമിക്കുന്നു.
- കോഴിക്കോട് ജില്ലയിലെ വെള്ളയിൽ മത്സ്യബന്ധന തുറമുഖം അധിക അടിസ്ഥാന വികസന പ്രവൃത്തി പുരോഗമിക്കുന്നു.
- എറണാകുളം ജില്ലയിലെ ചെല്ലാനം ഫിഷിംഗ്ഹാർബർ അധിക അടിസ്ഥാനസൗകര്യവികസന പ്രവൃത്തി തുടങ്ങി
- ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ ഫിഷ്‌ലാൻഡിംഗ് സെന്റർ അധികഅടിസ്ഥാന സൗകര്യവികസനം തുടങ്ങി.
- 1000 കോടിരൂപയുടെ 2099 തീരദേശറോഡുകളുടെ പുനരുദ്ധാരണം.
- മലപ്പുറം ജില്ലയിലെ ഉണ്ണ്യാൽ സ്പോർട്സ് സ്റ്റേഡിയം പൂർത്തീ കരിച്ചു.
- FIDF പദ്ധതിയിൽ ഉൾപ്പെടുത്തി അർത്തുങ്കൽ ഹാർബർ പ്രവൃത്തിക്ക് 150.73 കോടി രൂപയുടെ ഭരണാനുമതി നൽകി.

# ഉറപ്പായി പുനരധിവാസം

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം കരോട്- 128, ബീമാപ്പള്ളി-20, കൊല്ലം ക്യു.എസ്.എസ് കോളനി-114, മലപ്പുറം പൊന്നാനി- 128 ഫ്ളാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കി. തിരുവനന്തപുരം മുട്ടത്തറയിൽ 400, ആലപ്പുഴ മണ്ണുംപുറം -204, കാസർഗോഡ് കോയ്പ്പാടി -144, കോഴിക്കോട് വെസ്റ്റ്ഹിൽ-82, മലപ്പുറം ജില്ലയിലെ ഉണ്ണ്യാലിൽ 16 ഫ്ളാറ്റുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു.

**“ തീരപ്രദേശത്ത് വേലിയേറ്റരേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കടലാക്രമണ ഭീഷണി നേരിടുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനാണ് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി.**






**പുനർഗേഹം പദ്ധതി വ്യക്തിഗത ഭവന നിർമ്മാണം ജില്ല തിരിച്ചുള്ള വിവരം**

| ജില്ല | പൂർത്തീകരിച്ച ഭവനങ്ങൾ |
|---|---|
| തിരുവനന്തപുരം | 560 |
| കൊല്ലം | 295 |
| ആലപ്പുഴ | 470 |
| എറണാകുളം | 59 |
| തൃശ്ശൂർ | 271 |
| മലപ്പുറം | 174 |
| കോഴിക്കോട് | 88 |
| കണ്ണൂർ | 90 |
| കാസർഗോഡ് | 50 |
| ആകെ | 2057 |

തീരപ്രദേശത്ത് വേലിയേറ്റരേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കടലാക്രമണ ഭീഷണി നേരിടുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനാണ് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി. 3970 പേർക്ക് ഭൂമികണ്ടെത്തി വില നിശ്ചയിച്ചു. 3406 പേർ ഭൂമി രജിസ്റ്റർചെയ്തു. 2057 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 482 കുടുംബങ്ങളെ വ്യക്തിഗത ഫ്ളാറ്റിലേക്ക് മാറ്റിപാർപ്പിച്ചു. വിവിധ ജില്ലകളിലായി 1184 ഫ്ളാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണാനുമതി.



# ശുചിത്വപൂർണ്ണമായ ആധുനിക മത്സ്യമാർക്കറ്റുകൾ

ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് അന്തിപ്പച്ച മൊബൈൽ മത്സ്യവിപണന യൂണിറ്റുകൾ.

## ഫിഷ് മാർട്ടുകൾ എല്ലാ നിയോജകമണ്ഡലങ്ങളിലും

- നിലവിലുള്ളത് 115 ഫിഷ്മാർട്ടുകൾ. ആലപ്പുഴ, പത്തനംതിട്ട, മലപ്പുറം, കണ്ണൂർ ജില്ലകളിൽ പുതിയ മാർട്ടുകൾ. അഞ്ച് പുതിയ അന്തിപ്പച്ച വാഹനങ്ങളുമുണ്ട്. എറണാകുളം മത്സ്യഫെഡ് ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് കേരളത്തിലെ പൊതുമേഖലയിലുള്ള ആദ്യത്തെ പ്ലാന്റാണ്.
- മത്സ്യവിതരണത്തിനായി റീഫർ വാഹന സൗകര്യം ഏർപ്പെടുത്തി.

# സഹകരണസംഘങ്ങളുടെ ശാക്തീകരണം



കഴിഞ്ഞ വായ്പ കളിലെ കുടിശികപ്പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി മുതൽമാത്രം അടച്ചുതീർപ്പാക്കുന്നതിന് 10 കോടി രൂപയ്ക്കുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു.

- മികവ് 2022 പദ്ധതി പ്രകാരം എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ മത്സ്യത്തൊഴിലാളി വികസന-ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അവാർഡുകൾ നൽകി.

- ചെങ്ങന്നൂർ മുളക്കുഴയിൽ മത്സ്യസംഭരണകേന്ദ്രം തുടങ്ങി
- മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പലിശരഹിത വായ്പ, സംഘങ്ങൾക്ക് തീരദേശലേലം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തന മൂലധന വായ്പ എന്നിങ്ങനെ 6425.57 ലക്ഷംരൂപ 25000 മത്സ്യത്തൊഴിലാളികൾക്ക് വിതരണംചെയ്തു.
- മത്സ്യക്കച്ചവടംചെയ്യുന്ന വനിതകൾക്ക് പലിശരഹിത വായ്പയായി 13969 പേർക്ക് 2675.90 ലക്ഷം രൂപ നൽകി
- നാടൻ വള്ളങ്ങളുടെ നവീകരണം/യന്ത്രവത്ക്കരണം പദ്ധതി പ്രകാരം 10 കുതിരശക്തിയിൽ താഴെയുള്ള എഞ്ചിൻ വാങ്ങിയ 829 മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡിതുകയായി 150 ലക്ഷം രൂപ നൽകി
- മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽ നിന്നും എടുത്ത കാലാവധി




### ഡീസൽ ബങ്ക്

- കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ ഡീസൽ ബങ്ക് തുടങ്ങി
- മലപ്പുറം ജില്ലയിൽ പൊന്നാനി ഡീസൽ ബങ്ക് ഉദ്ഘാടനം 2023 മെയ് ഒൻപതിന്.

## സേഫാകാം സാഫിലൂടെ

### സൊസൈറ്റിഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ (സാഫ്)

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്രവികസനത്തിനും ശാക്തീകരണത്തിനും ഉതകുന്ന ബദൽ ജീവനോപാധി പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥാപനമാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്).

2022-23 ൽ 100 കോടി രൂപയുടെ മുകളിൽ ആണ് വിറ്റുവരവ്. സാഫ് പദ്ധതികൾക്കായി 20.86 കോടിരൂപ ചെലവഴിച്ചു.

# ആഴക്കടൽ മത്സ്യബന്ധനത്തിന് ആധുനിക ബോട്ടുകൾ

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് ഒന്നരക്കോടി രൂപവീതം വിലവരുന്ന ആറ് ബോട്ടുകൾ.**

മണ്ണെണ്ണയുടെ രൂക്ഷമായ വിലവർധനവും ലഭ്യത ക്കുറവും പരമ്പരാഗത മത്സ്യബന്ധനമേഖലയിലെ ജനജീവിതം ദുസ്സഹമാക്കി. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി നിലവിൽ മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന എഞ്ചിനുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് പല പദ്ധതികളും നടപ്പിലാക്കുന്നതിന് സർക്കാർ ആലോചിച്ചുവരുന്നു. മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ ഇന്ധനമായി ഉപയോഗിക്കുന്ന എഞ്ചിനുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പെട്രോൾ എഞ്ചിനു കൾക്ക് സബ്സിഡി നൽകുന്ന പദ്ധതിയിലൂടെ പരമ്പരാഗത മത്സ്യബന്ധന മേഖലയിലെ ഇന്ധന ചെലവ് പകുതിയിലധികം കുറയ്ക്കുന്നതിനും പ്രകൃതിസൗഹൃദമായ എൽ.പി.ജി-യുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമാകും. മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി-യുടെ ഉപയോഗം പരിശോധിക്കുന്നതിന് ആലപ്പുഴ ജില്ലയിലെ ഓമനപ്പുഴയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹകരണത്തോടുകൂടി പരീക്ഷണഓട്ടം നടത്തി. പദ്ധതി വിജയമായാൽ മറ്റ് ജില്ലകളിലും എൽ.പി.ജി ഉപയോഗത്തിന്റെ സാധ്യത പരിശോധിക്കുന്ന തിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.




## തീരമൈത്രി പദ്ധതി

- ചെറുകിട തൊഴിൽസംരംഭക യൂണിറ്റുകൾ ആരംഭിക്കുന്ന തിനായി 1138.53 ലക്ഷംരൂപ ഗ്രാന്റായി അനുവദിച്ചു.
- ബിസിനസ് മെച്ചപ്പെടുത്തുന്ന തിനായി 630 യൂണിറ്റുകൾക്ക് 284.55 ലക്ഷം രൂപ വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ആയി അനുവദിച്ചു.
- സാങ്കേതികവിദ്യാ നവീകരണത്തിനായി 185 യൂണിറ്റുകളിൽ നിന്നായി 536 ഗുണഭോക്താക്കൾക്ക് 66.34 ലക്ഷം രൂപ അനുവദിച്ചു.
- 185 യൂണിറ്റുകൾക്ക് പലിശ സബ്സിഡി ആയി 10 ലക്ഷം രൂപ അനുവദിച്ചു.

## തീരമാവേലി

തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്കും, തീരദേശകുടുംബങ്ങൾക്കും സബ്സിഡി നിരക്കിൽ ഭക്ഷ്യസാധനങ്ങളും മറ്റ് ഉൽപന്നങ്ങളും വിതരണം ചെയ്യുന്നതിനായി ഫിഷറീസ്വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് തീരമാവേലി.

## ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്

- മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 546 ജെ.എൽ.ജി യൂണിറ്റുകൾ ആരംഭിച്ചു. 273 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു.
- ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ്വെന്റിംഗ് കിയോസ്ക്
- കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ പദ്ധതിയിലൂടെ 43 മത്സ്യത്തൊഴിലാളി വനിതകൾക്കായി 20 കിയോസ്ക്കുകൾ നൽകി.

## തീരമൈത്രി സീ ഫുഡ് റസ്റ്റോറന്റ്

150 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 30 തീരമൈത്രി സീ ഫുഡ് റസ്റ്റോറന്റുകൾ ആരംഭിച്ചു; 150 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചു.

# കരുതലും കൈത്താങ്ങും

- മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടഞ്ഞാൽ മത്സ്യത്തൊഴിലാളികൾക്ക് 20 ലക്ഷം രൂപയുടെ ഇൻഷുറൻസ് ആനുകൂല്യം.
- മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്ന വിദ്യാതീരം പദ്ധതി.
- മത്സ്യവിപണനത്തിനായി വനിതാ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ബസ് സർവീസ് - സമുദ്ര.
- പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് ഒന്നര കോടിരൂപ വീതം വിലവരുന്ന ആറ് ബോട്ടുകൾ ഈ വർഷം വിതരണം ചെയ്യുന്നു.
- കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ ഫിഷറീസ് സർവകലാശാലയുടെ പുതിയ ക്യാമ്പസ്. മത്സ്യത്തൊഴിലാളി വിദ്യാർഥികൾക്ക് 20% സംവരണം.




# ശുചിത്വസാഗരം സുന്ദരതീരം പദ്ധതി




ആയാസരഹിതമായും ശുചിത്വ പൂർണമായും മത്സ്യം വിപണനം നടത്തുന്നതിന് 'മീൻ കൂട്' പദ്ധതി. ഒരു ലക്ഷം രൂപ വീതം വിലവരുന്ന 50 ഫിഷ് വെൻഡിങ് കിയോസ്കുകൾ തിരുവനന്തപുരം ജില്ലയിൽ ഈ വർഷം വിതരണം ചെയ്യുന്നു.

- കടലും കടലോരവും പ്ലാസ്റ്റിക് മാലിന്യമുക്തമാക്കാൻ ശുചിത്വ സാഗരം സുന്ദരതീരം പദ്ധതി.
- മണ്ണെണ്ണ എഞ്ചിനുകൾ ഘട്ടം ഘട്ടമായി പെട്രോൾ, എൽ.പി.ജി എഞ്ചിനുകളിലേക്ക് മാറ്റാൻ ധനസഹായം.
- വഴിയോര മത്സ്യക്കച്ചവടം നടത്തുന്ന വനിതകൾക്ക്



# കർമ്മപഥങ്ങളിലൂടെ























ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

Printed and Published by T.V. Subhash IAS, Director Information & Public Relations Department
on behalf of Government of Kerala and Printed at Government Press, Mannanthala , Thiruvananthapuram
Published from Information Public Relations Department, Government of Kerala
Government Secretariate, Thiruvananthapuram 695001
April 2023 Copies: 87,000 For Free Circulation

digiCROW Designs
rash8075559859@gmail.com